©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2017 മാർച്ച് 17<br>17th March 2017<br>1192 മീനം 3<br>3rd Meenam 1192<br>1938 ഫാൽഗുനം 26<br>26th Phalguna 1938 | നമ്പർ<br>No. 496 |

## കേരള സർക്കാർ

### ധനകാര്യ (പ്ലാനിംഗ്-എ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 37/2017/ധനം. *തിരുവനന്തപുരം, 2017 മാർച്ച് 17*
*1192 മീനം 3.*

**എസ്. ആർ. ഒ. നമ്പർ 132/2017.**—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ (2003-ലെ 29) 6-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ ഇതിനാൽ നിയമിക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.
33/894/2017/S-13.

1. പ്രൊഫ. പിനാകി ചക്രവർത്തി, .. അംഗം
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
പബ്ലിക് ഫിനാൻസ് പോളിസി,
18/2 സത്സങ്ങ് വിഹാർ മാർഗ്ഗ്,
സ്പെഷ്യൽ ഇൻസ്റ്റിറ്റ്യൂഷണൽ ഏരിയ,
ന്യൂഡൽഹി-110 067

2. പ്രൊഫ. ഡി. നാരായണ, .. അംഗം
ഡയറക്ടർ,
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ,
തിരുവനന്തപുരം-695 017, കേരളം

3. ഡോ. കെ. പുഷ്പാംഗദൻ, .. അംഗം
ഐ.സി.എസ്.എസ്.ആർ. സീനിയർ റിസർച്ച് ഫെല്ലോ,
പ്രൊഫസർ ആന്റ് സീനിയർ കൺസൾട്ടന്റ്,
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ, തിരുവനന്തപുരം-695 017,
കേരളം

4. പ്രൊഫ. പദ്മിനി സ്വാമിനാഥൻ, .. അംഗം
ചെയർപേഴ്സൺ,
സ്കൂൾ ഓഫ് ലൈവ്‌ലിഹുഡ് ആന്റ് ഡവലപ്മെന്റ്,
ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്
(ടി.ഐ.എസ്.എസ്), ഹൈദ്രാബാദ്

5. ശ്രീ. ആർ. മോഹൻ ഐ.ആർ.എസ് (റിട്ട) .. അംഗം
കൺസൾട്ടന്റ്,
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ്
ടാക്സേഷൻ, തിരുവനന്തപുരം-695 017, കേരളം

2005-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ചട്ടങ്ങളിലെ 8-ാം ചട്ടം (1)-ാം ഉപചട്ടപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് പ്രൊഫ. പിനാകി ചക്രവർത്തിയെ പൊതു ചെലവ് പുനഃപരിശോധന കമ്മിറ്റിയുടെ അദ്ധ്യക്ഷനായി കേരള സർക്കാർ ഇതിനാൽ നിയമിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. എം. എബ്രഹാം,

*ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016 മേയ് 11-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അ) നമ്പർ 71/2016/ധന. പ്രകാരം പുറപ്പെടുവിച്ചതും എസ്.ആർ.ഒ. നമ്പർ 370/2016 ആയി 2016 മേയ് മാസം 12-ാം തീയതിയിലെ 946-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനപ്രകാരം നിയമിച്ച പൊതുചെലവ് പുനഃപരിശോധന കമ്മിറ്റിയുടെ അദ്ധ്യക്ഷയേയും അംഗങ്ങളേയും 2017 ഫെബ്രുവരി 21-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അ) നമ്പർ 23/2017/ധന. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള എസ്.ആർ.ഒ. നമ്പർ 94/2017 ആയി 2017 ഫെബ്രുവരി മാസം 21-ാം തീയതിയിലെ 317-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനപ്രകാരം നീക്കം ചെയ്യുകയുണ്ടായി. ആകയാൽ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ (2003-ലെ 29) 6-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ഒരു കമ്മിറ്റിയെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചു.

ഈ ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

---